**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **10-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri V Sivankutty**<br>**(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ ലോക്ഡൗൺ കാലത്ത് സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | കേരളത്തിൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിൽ അതിഥി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അകത്ത്/പുറത്ത് ട്രെയിനിൽ യാത്ര ചെയ്യുന്ന അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഷൊർണ്ണൂർ, പാലക്കാട്, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ പ്രത്യേക രജിസ്ട്രേഷൻ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള പ്രധാന റയിൽവെ സ്റ്റേഷനുകളിൽ രജിസ്ട്രേഷൻ കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തൊഴിലിടങ്ങൾ അടയ്ക്കപ്പെടുന്നതിനാൽ നാട്ടിലേയ്ക്ക് മടങ്ങാനാവാതെ സംസ്ഥാനത്ത് തങ്ങുന്ന അതിഥി തൊഴിലാളികളുടെ താമസം, ഭക്ഷണം, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പാക്കുകയും ടി തൊഴിലാളികൾക്കായി ക്യാമ്പുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ലോക്ഡൗണിൽ ടി തൊഴിലാളികൾക്ക് ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭക്ഷണ കിറ്റുകൾ (Dry Ration) സിവിൽ സപ്ലൈസ് വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ ഉടനടി ടെസ്റ്റ് നടത്തി മാറ്റി പാർപ്പിക്കുന്നതിനും അവർ അധികമായി ഉള്ള സ്ഥലങ്ങളിൽ അവർക്കായി ഡൊമിസിലിയറി കോവിഡ് കെയർ സെന്റർ (DCCC) തിരുവനന്തപുരം-1, കൊല്ലം-2, ആലപ്പുഴ-2, പാലക്കാട്-1, പ്ലാന്റേഷനുകളിൽ ഇടുക്കി-1, പാലക്കാട്-1 എന്നിങ്ങനെ ആരംഭിച്ചിട്ടുണ്ട്. ഇവർക്കായി സി.എഫ്.എൽ.റ്റി.സി. കൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് അതിഥി തൊഴിലാളികൾക്കും ആയത് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഇൻഷ്വറൻസ് പരിരക്ഷയും ലക്ഷ്യംവച്ച് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 13.01.2021 വരെ 5,09,451 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | അതിഥി തൊഴിലാളികൾക്ക് പ്രത്യേക പാർപ്പിട പദ്ധതി ഒരുക്കുന്നതിന് വകുപ്പ് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; കൂടുതൽ സ്ഥലത്തേക്ക് ഇത് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (സി) | അതിഥിതൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും, ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യമാണ് അപ്നാഘർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ പങ്കുവയ്ക്കപ്പെടുന്ന കിടപ്പു മുറികളും, ഒന്നിലധികം അടുക്കളകളും, മെസ്സ് ഏര്യകളും, കുളിമുറികളും, ടോയ്.ലെറ്റുകളും, റിക്രിയേഷണൽ സൗകര്യങ്ങളും രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നു. ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതി ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ, കിനാലൂരിൽ, കെ.എസ്.ഐ.ഡി.സി ഇൻഡ്സ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ ഏ+2 നിലകളിലായി 520 ബെഡുകളോട് കൂടി 14.67കോടി രൂപ നിർമ്മാണ ചെലവുള്ള ഹോസ്റ്റൽ സമുച്ചയവും എറണാകുളത്ത് കളമശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിർമ്മാണത്തിനായി സ്ഥലവും, ഭരണാനുമതിയും പദ്ധതിയ്ക്കായുള്ള ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും അപ്നാഘർ പദ്ധതി നടപ്പിലാക്കുന്നതാണ്. 1971-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | അനുസരിച്ച് കെട്ടിട ഉടമകളുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് "ആലയ്". ഈ പദ്ധതി പ്രകാരം 6.5 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അടുക്കള, ബെഡ്റൂം, വരാന്ത, ശുചിമുറി എന്നിവ ഉൾപ്പെടുന്ന പാർപ്പിട സൗകര്യം അതിഥി തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിലുള്ള വെബ്പോർട്ടലിലൂടെ കെട്ടിട ഉടമസ്ഥർക്ക് വിശദവിവരം നൽകാവുന്നതും ആയത് അതിഥി തൊഴിലാളികൾക്ക് വാടക നൽകി കരസ്ഥമാക്കാവുന്നതുമാണ്. നിലവിൽ കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ സ്ഥലങ്ങളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ